# കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ

**സംസ്ഥാന കാര്യാലയം**

വിദ്യാഭവൻ, പൂജപ്പുര പി.ഒ., തിരുവനന്തപുരം 695012

ഫോൺ: 0471 2348581, 2342950, 2342271, 2342369 ഫാക്സ്: 0471 2344841


നം: ബി3/328/14/കെ.എസ്.ഒ.എസ്./എസ്.സി.ഇ.ആർ.ടി തീയതി:.20.05.2014

പ്രേക്ഷിതൻ

**സ്റ്റേറ്റ് കോഡിനേറ്റർ**
കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ
തിരുവനന്തപുരം

*സ്വീകർത്താവ്*

**എല്ലാ പഠന കേന്ദ്രം പ്രിൻസിപ്പാൾമാർക്കും**

വിഷയം : കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ - 2012-14 ബാച്ച് ഓപ്പൺ റഗുലർ - ലാബ് ഫീസ് അനുവദിക്കുന്നത് സംബന്ധിച്ച്.

കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ മുഖാന്തിരം 2012-14 ബാച്ചിൽ ഓപ്പൺ റഗുലർ സ്ട്രീമിൽ രജിസ്റ്റർ ചെയ്ത താങ്കളുടെ സെന്റർ പഠന കേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർഥികൾക്ക് പ്രാക്ടിക്കൽ ക്ലാസ്സുകൾ നൽകിയ ഇനത്തിൽ താങ്കളുടെ സെന്ററിനുള്ള പ്രതിഫലം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. Pre receipt, Utilization certificate എന്നിവ ലഭിക്കുന്ന മുറക്ക് മാത്രമേ തുകകൾ അനുവദിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- ഓപ്പൺ സ്കൂൾ സൈറ്റിൽ (openschool.kerala.gov.in, ksos online.in) പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന Pre receipt, Utilization certificate എന്നിവ ഡൗൺലോഡ്ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് പൂരിപ്പിച്ച് ഒപ്പും സീലും രേഖപ്പെടുത്തി സ്റ്റേറ്റ് കോർഡിനേറ്ററുടെ പേരിൽ മടക്ക തപാലിൽ അയച്ച് തരേണ്ടതാണ്.

- സ്കൂൾ ലിസ്റ്റും, വിദ്യാർഥികളുടെ എണ്ണവും ഓപ്പൺ സ്കൂൾ സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ആയത് പരിശോധിച്ച് രസീതുകൾ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച രസീതുകൾ 24.05.2014 -നകം ഓപ്പൺ സ്കൂൾ സംസ്ഥാന ഓഫീസിൽ ലഭിക്കത്തക്കവിധം അയച്ച് തരേണ്ടതാണ്.

**സ്റ്റേറ്റ് കോഡിനേറ്റർ**

C3/E/B3/Letters/Stat/15